## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5176** **26.03.2018 ൽ മറുപടിക്ക്**

### കൊല്ലം ബൈപ്പാസ്

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
|---|---|
| (എ) കൊല്ലം ബൈപ്പാസ് നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്; | (എ) കൊല്ലം പട്ടണത്തിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനു വേണ്ടി കാവനാട് തുടങ്ങി മേവറത്ത് എത്തുന്ന 13 കി.മീ. ദൈർഘ്യമുള്ള ബൈപ്പാസാണ് നിർമ്മിക്കുന്നത്. ഇത് നിലവിൽ 80% പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിനു കുറുകെയുള്ള മൂന്ന് പ്രധാന പാലങ്ങളായിരുന്നു ഈ പദ്ധതിയിലെ പ്രധാന നിർമ്മാണം. ആയവ മൂന്നും പൂർത്തീകരിച്ചു കഴിഞ്ഞു. 2018 ആഗസ്റ്റിലാണ് പദ്ധതി പൂർത്തീകരിക്കുവാൻ പ്ലാൻ ചെയ്തിട്ടുള്ളത്. |
| (ബി) ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) ബഹു: പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിലെ എഞ്ചിനീയർമാർ, ബന്ധപ്പെട്ട കോൺട്രാക്ടർമാർ, അതോറിറ്റിയുടെ എഞ്ചിനീയറായ കോസ് കൺസൾട്ടൻസി മുതലായവരെ ഉൾപ്പെടുത്തി മീറ്റിംഗുകൾ നടത്തി അതാതു സമയത്ത് വരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയും നിർമ്മാണം കാലതാമസം ഇല്ലാതെ 2018 ആഗസ്റ്റിൽ തന്നെ പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. |
| (സി) ബൈപ്പാസ് എന്നത്തേയ്ക്ക് പൂർണമായും ഗതാഗത സജ്ജമാക്കാനാണ് നിലവിൽ ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) 2018 ആഗസ്റ്റ് മാസം കൊല്ലം ബൈപ്പാസ് ഗതാഗത സജ്ജമാക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ